5/1/2025 Item Code: 944 Participant Code: 326

വിഷയം: ശാസ്ത്രാവബോധം സമൂഹത്തിന്റെ വളർച്ചയ്ക്ക്

# മാറുന്ന ലോകത്തിന് ശാസ്ത്രമാകട്ടെ ഇന്ധനം.

ഓരോ ദിവസവും പരിണമിച്ചുകൊണ്ടിരിക്കുന്ന നവലോകത്തിന്റെ അസ്ഥിത്വം തന്നെ ശാസ്ത്ര-സാങ്കേതികക്കുതിപ്പിലാണെന്ന സ്ഥിതിവിശേഷം നിലനിൽക്കെ, സമൂഹവളർച്ചയ്ക്കും പ്രവേഗത്തിനും ~~അ~~ ശാസ്ത്രാവബോധം ഇന്ധനമാകുന്നതിനാണ് നാം സാക്ഷ്യം വഹിക്കുന്നുണ്ട്. വിവേകാനന്ദസ്വാമികൾ ഒരിക്കൽ 'ഭ്രാന്താലയം' എന്ന വിശേഷിപ്പിച്ച ഒരു നാടിനെ 'ജാതിഭേദം മതദ്വേഷം ഒന്നുമില്ലാത്ത സോദരത്വേന വസിക്കുന്ന മാതൃകാസ്ഥാനമാക്കിമാറ്റിയത് മൺമറഞ്ഞെങ്കിലും മനസ്സിൽ കുടികൊള്ളുന്ന മഹാമനീഷികളുടെ കൃത്യവും ശാസ്ത്രീയവുമായ ഇടപെടലുകൾ തന്നെയായിരുന്നു. മനുഷ്യന്റെ ഉത്പത്തിമുതൽ തന്നെ ഓരോ കണ്ടുപിടിത്തത്തിനുമുള്ള ത്വര അവനിൽ ജന്മസിദ്ധമായി കിട്ടിയിട്ടുണ്ടായിരുന്നു എന്നതിനുത്തമ ഉദാഹരണങ്ങളാണ് കല്ലുരച്ചഗ്നിയുണ്ടാക്കിയ-

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം
5/1/2025
Item Code: 944 Participant Code: 326

ളുമുതൽ കാടിറങ്ങി നാട്ടിലധിവസിച്ചുകൊണ്ട് ഇന്ന് ബഹിരാകാശംവരെ എത്തുംതരത്തിൽ ബൃഹത്തായ ആശയങ്ങളാൽ ശാസ്ത്രപുരോഗതി നേടിയത്. ആധുനികതയുടെ ആകാശയാനങ്ങളിൽ മുത്തമിട്ടു പറക്കുന്ന ഇന്നിന്റെ ലോകത്ത് ചിന്തിക്കാൻ ശേഷിയുള്ള മനുഷ്യമൃഗങ്ങൾ, അവരെപ്പോലെതന്നെ ചിന്താശേഷിയുള്ള യന്ത്രങ്ങൾക്ക് പിറവികൊടുത്തത് കഠിനപരിശ്രമത്തിലൂടെ ~~അവൻ~~ നേടിയെടുത്ത ശാസ്ത്രമികവൊന്നുകൊണ്ടുമാത്രമാണ്. ഇതുവരെ കൈവരിച്ച നേട്ടങ്ങൾക്കും ഭാവിയിൽ ~~[illegible]~~ നേടാനുള്ള എല്ലാ സാധ്യതകൾക്കും വഴിവെട്ടുന്നത് ശാസ്ത്രാവബോധമാണെന്ന വസ്തുത നിലനിൽക്കെ, സമൂഹപുരോഗതിക്ക് ഒഴിച്ചുകൂടാനാകാത്ത പ്രസക്ത ഘടകം തന്നെയാണ് ശാസ്ത്രത്തിനെ ജനങ്ങളിലേക്ക് പകർന്നുകൊടുക്കുക എന്നത്.

എവിടെയാണ് ശാസ്ത്രത്തിനിത്രത്തോളമനിവാര്യത എന്നൊരു ചോദ്യമുദിച്ചാൽ ഇക്കാലഘട്ടത്ത് അതിനുള്ള മറുപടിയാകുന്നത് സ്വന്തം സ്വത്വ-

ത്തെ ലോകത്തിനുമുമ്പിൽ ആവിഷ്കരിക്കാൻ
ഉള്ള സ്വാതന്ത്ര്യം വിഭാവനം ചെയ്യുന്ന എന്നതാ-
ണ്. ഭിന്നലിംഗക്കാരെ സമൂഹത്തിന്റെ അഴുക്കായി
കണക്കാക്കിയിരുന്നതിൽനിന്ന്, അവരെ അഴുക്കായി പരിഗണി-
ക്കാനിടയാക്കിയതും അവരുടെ മാനസികപ്രശ്നമാ-
ണെന്ന് എന്ന മിഥ്യയെ തിരുത്തിക്കൊണ്ട് ശാസ്ത്രീ-
യതെളിവുകൾ നിരത്തിയ പ്രഗത്ഭരുടെ മികവ്
തന്നെയാണ്. ശാസ്ത്രാവബോധം മനുഷ്യരുടെ ചി-
ന്താഗതിയെയുടെതന്നെ ദിശനിർണ്ണയിക്കാനിടയാ-
ക്കുന്നത്. 'മണ്ണും പെണ്ണും ചവിട്ടുവോളം നന്നാ-
വും' എന്ന പഴമൊഴി പ്രസരിച്ചിരുന്ന നമ്മുടെ
നാട്ടിൽ, ലിംഗസമത്വം അസാധ്യമാണെന്ന് വാദി-
ച്ച അപരിഷ്കൃതർക്ക് മുമ്പിൽ സമത്വത്തിന്റെ
വെന്നിക്കൊടികൾ പാറിക്കാനായത്, ശരീരഘടന-
യിലേക്കും മാനസികഘടനയിലേക്കും വിഭിന്നത-
കൾ നിരത്തി, ശാരീരികപരമായുള്ള ചിന്താപ-
രമായും ബൗദ്ധികമായുമുള്ള സമത്വത്തിനായി
വാദിച്ച ശാസ്ത്രപഠനങ്ങൾ കാരണമായതാണ്.
ഇക്കഴിഞ്ഞ ജൂലൈയിൽ മുണ്ടക്കൈ-

ത്തിൽ പൊലിഞ്ഞ ആ ജീവനുകൾ, ശാസ്ത്രീയത-
യെ വിലയ്ക്കെടുക്കാതെ തള്ളിപ്പോയ ഗാഡ്ഗി-
ൽ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിക്കാതിരുന്ന-
തിന്റെ ഇരകളാണ്. എത്രമാത്രം വിസ്തൃതമാണ്
ശാസ്ത്രീയതയുടെയും അവബോധത്തിന്റെയും പ്രസ-
ക്തിയെന്നത് കുഴിയിലാണ്ടുപോയ ആ ജീവനുക-
ളുടെ നോട്ടത്തിൽ നാം നിശബ്ദരാവുന്നതിലേ-
ക്ക് വിരൽചൂണ്ടുന്നു. തന്റെ ആയിരം ശ്രമ-
ങ്ങൾക്കിപ്പുറം ശാസ്ത്രത്തിന്റെ മാത്രം പിൻബലത്തോ-
ടെ മഹാനായ തോമസ് ആൽവാ എഡിസൺ നട-
ത്തിയ ബൾബിന്റെ കണ്ടുപിടിത്തമില്ലായിരുന്നു-
വെങ്കിൽ പിന്നെയുമെത്രയുഗങ്ങൾ ലോകം ഇരുട്ടിലാ-
ണ്ടു പോയേനെ?

"കൊണ്ടുപോകില്ല ചോരന്മാർ
കൊടുക്കും ~~തോറും~~ തോറുമേറിടും
മേന്മനൽകും മരിച്ചാലും
വിദ്യതന്നെ മഹാധനം" - എന്ന കവിവാക്യ-

ത്തിനുത്തമ ഉദാഹരണമാണ് എഡിസൺ
ന്: നേടിയ ശാസ്ത്രാവബോധത്തിന്റെ പിന്നണി-

യൊന്നുമാത്രം കൊണ്ട് ഇന്ന് നാമുൾപ്പെടെ അനുഭവിക്കുന്ന വെളിച്ചം. ~~ഓരോ~~

ഓരോ ശാസ്ത്രകണ്ടുപിടിത്തങ്ങൾക്കും കാരണമാകുന്നത് ആ സ്ഥിതി വിശേഷം ചെലുത്തുന്ന അനിവാര്യതയാണ്. നൂറ്റാണ്ടുകൾക്കുമുമ്പിൽ വസൂരി ബാധിച്ച് പൊലിഞ്ഞ ജീവനുകൾക്ക് പരിഹാരമായി വന്ന വാക്സിനാണ് പിന്നീട് പോളിയോ, റാബീസ്, ടെറ്റനസ് തുടങ്ങി നാലഞ്ചുവർഷങ്ങൾക്കുമുമ്പ് ~~ലോക~~ ലോകത്തെയൊട്ടാകെ പിടിച്ചുകുലുക്കിയ കൊറോണയ്ക്കുമെതിരെ ഉണ്ടായത്. ബഹിരാകാശപേടകങ്ങളുടെ ഭാഗങ്ങൾ സൈക്കിളിൽ വെച്ചുകെട്ടിക്കൊണ്ടുപോയതു മുതൽ ഇന്നിതാ ഗഗൻയാനും ചന്ദ്രയാൻ-3യും ആദിത്യ എൽ-1ഉം തുടങ്ങി ബുള്ളറ്റ് ട്രെയിനുകൾ മുതൽ സീപ്ലെയിനുകൾ വരെ പടർന്നു കിടക്കുന്ന വിശാലമായ ശാസ്ത്ര ചരിത്രമാണിന്ത്യക്കുള്ളത്. കുഷ്ഠരോഗബാധിതരെ മരണത്തിനു വിട്ടുകൊടുത്തിരുന്ന ഒരു കാലത്താണ് ഒരു കൈയ്യിൽ ശാസ്ത്രാവബോധവും മറുകൈയ്യിൽ കരുണയുമായി കടന്ന-

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 944 Participant Code: 326

7/1/2025

ദയാവന്ന മദർ തെരേസ പോലെയുള്ളവർ അ-
~~ന്തരങ്ങൾക്ക് എന്നെ~~ ശാസ്ത്രാവബോധം ഒരിക്കലും
ഒരു മനുഷ്യനിൽ ക്രൂരതയുടെ മുദ്രകളുണ്ടാക്കു-
ന്നില്ല എന്ന മനസ്സിലാക്കിത്തന്നത്. എന്നാലു-
മിസൈലിൽ നിന്ന് വിഭിന്നമായി ലോകത്താ-
മാകെ ഞെട്ടിച്ച് താണ്ട് നാഗസാക്കി, ഹിരോഷിമ പോ-
ലെയുള്ള കൊടും പാതകങ്ങളിൽ ആയിരങ്ങൾ
പൊലിഞ്ഞതും. ഗാന്ധിജി ആഹ്വാനിച്ച ഏഴ്
സാമൂഹിക പാപങ്ങളിൽ ഒന്നാമത്തേതായ "മന-
സ്സാക്ഷിയില്ലാത്ത ശാസ്ത്രം"ത്തിന്റെ ഭീകരതയെ
ദൃശ്യമാക്കിയ ഒന്നായിരുന്നു ഇത്. നോർത്ത്
കൊറിയ പോലെയുള്ള രാജ്യങ്ങളിൽ മനുഷ്യനെ
ഹനിക്കുന്നതിനായി ശാസ്ത്രാവബോധം ഉണ്ടാക്കിയെ-
ടുക്കുന്നതിനെ പരിഷ്കൃതനവലോകത്തിന് ഒരി-
ക്കലും ന്യായീകരണം കൊടുക്കാനാകുന്നതല്ല.
ഇങ്ങനെയുള്ള അവസ്ഥ നിലനിൽക്കെ "കു-
രങ്ങന്റെ കൈയ്യിൽ പൂമാല കിട്ടിയ സാഹ-
ചര്യ"മുണ്ടാക്കാതെ ~~കഴ~~ പ്രായോഗികമായി ശാ-
സ്ത്രാവബോധം നൽകുന്നവരിൽ സാംസ്കാരി-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

മൂല്യങ്ങളെയും വളർത്തിയെടുക്കാനാകണം. ഭഗത്സിങ്ങ് പറഞ്ഞതുപോലെ "ബോംബുകളും തോക്കുകളും കൊണ്ട് വിപ്ലവങ്ങൾ നടത്താനാകില്ല. വിപ്ലവത്തിന്റെ വാൾ മൂർച്ച കൂട്ടേണ്ടത് ആശയത്തിന്റെ ഉരകല്ലിലാണ്" എന്ന മഹത്തായ പാഠം പകർന്നതിനു ശേഷമേ ശാസ്ത്രീയമായ ബോധമണ്ഡലങ്ങളുണ്ടാക്കാൻ പാടുള്ളൂ.

ആ രാഷ്ട്രത്തിന്റെ ഭാവിയായ യുവതലമുറയിൽ കൃത്യമായ ശാസ്ത്രാവബോധം നൽകുന്നതുവഴി ഇന്നും നിലനിൽക്കുന്ന അസമത്വത്തെയും അസന്തുലിതാവസ്ഥയെയും ഉച്ചനീചത്വങ്ങളെയും ഉച്ചാടനം ചെയ്യാൻ നമുക്കാകണം. ശാസ്ത്രമേളകൾ, പോലെയും ശാസ്ത്രസാഹിത്യപരിഷത്ത് പോലെയുള്ള പാഠ്യപദ്ധതികളിലൂടെ വളർന്നു വരുന്ന കുട്ടികളിൽ ശാസ്ത്രത്തോടിടപഴകാനും അനശ്വരമായ കൗതുകം ഉള്ളിലുണർത്താനും സാധിച്ചാൽ ഭൂരിഭാഗവും ശാസ്ത്രപുരസ്കാരങ്ങൾ അന്യരാജ്യക്കാരുടേതു വാങ്ങു-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

5/1/2025

Item Code: 944 Participant Code: 326

േമ്പാൾ കൈകളുടിക്കാൻ മാത്രമല്ലാതെ സ്വന്തം ജനതയ്ക്കായി കൂടി കരഘോഷമുയർത്താൻ നാം പ്രാപ്തരാകും. കൃത്യമായ വിദ്യാഭ്യാസനയം നിലവിൽവരേണ്ടതിന്റെ പ്രസക്തി, ഉന്നതവിദ്യാഭ്യാസത്തിനും ജീവിതനിലവാരത്തിനുമായി കുട്ടികൾ കൂട്ടമായി നാടുവിടുന്നതിൽ നിന്ന് തന്നെ വ്യക്തമാണ്. കേവലം പദ്ധതികൾ ആവിഷ്കരിക്കുന്നതിലുമപ്പുറം അവയുടെ കൃത്യമായ പ്രവർത്തനമുണ്ടെന്നുറപ്പുവരുത്താനും ഭരണകൂടത്തിനും സംവിധാനങ്ങൾക്കുമാകണം. കേവലം പുസ്തകത്തിലൊതുങ്ങുന്നതിനപ്പുറം ജീവിതസാഹചര്യങ്ങളിൽ ~~[illegible]~~ ശാസ്ത്രത്തിന്റെ സ്വാധീനം കാണിച്ചുകൊടുക്കാൻ കുട്ടികളുടെ ചിന്താശേഷിയെ വൈവിധ്യമാർന്ന തലങ്ങളിലേക്ക് ഒഴുകിവിടാനും കഴിവുറ്റ അധ്യാപകരെയും വാർത്തെടുക്കൽ അനിവാര്യമാണ്. സമ്പൂർണ്ണ സാക്ഷരതയുണ്ടായിട്ടും എന്തുകൊണ്ട് കേരളമക്കൾ ഇന്ത്യയുടെ യശസ്സുയർത്താനും മാത്രം പ്രഭാവമാർജ്ജിച്ചിട്ടില്ല എന്നത് അധികാരികൾ പരിശോധിക്കാൻ വൈകിയതിന്റെ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

പലതാണ്; ഏറിവരുന്ന തൊഴിലില്ലായ്മയും, തൊഴി-
ലിടങ്ങളിലെ മികവില്ലായ്മയും.

അവർണർക്ക് വിദ്യാഭ്യാസമന്യമായിരു-
ന്ന ഒരുകാലത്ത് പഞ്ചമിയുടെ കൈപിടിച്ച്
സ്വാമികൾ കടന്നുചെന്നതുപോലെ വിദ്യാഭ്യാ-
സത്തിനും ശാസ്ത്രാവബോധത്തിനും നവോത്ഥാ-
നമുണ്ടാക്കാൻ ശ്രമിക്കുന്നവരായി മാറണം നാം
ഓരോ പൗരന്മാരും. ഗാന്ധിജി പറഞ്ഞതുപോ-
ലെ "മാറ്റമാഗ്രഹിക്കുന്നവെങ്കിൽ ആദ്യമത് നി-
ങ്ങളിലാവിഷ്കരിക്കൂ".

"അറിവുനേടുക, അവബോധമുള്ള-
വരായി മാറുക എന്നത് വ്യക്തിയിലേക്ക് മാത്ര-
മൊതുങ്ങുന്ന നേട്ടത്തിനപ്പുറം സമൂഹ-
നന്മയ്ക്കായി ഉപയോഗിക്കുമ്പോഴാണതിൽ സം-
സ്കാരമികവ് പ്രത്യക്ഷമാകുന്നത്. ആരോഗ്യ-
മേഖലകളിലെ വാക്സിനുകൾ, പേസ്മേക്കർ,
തുടങ്ങി ജീവൻനിലനിർത്താനും; ഒരു പകർച്ച-
വ്യാധിയും ഇല്ലാതാക്കാനുമുള്ള കണ്ടുപിടിത്ത-
ങ്ങൾ, ഭൂഗോള വിവരങ്ങളെടുത്തിരുന്ന മാത്ര

ജോലി മണിക്കൂർ കണക്കുകളിലാക്കി മാറ്റിയ
സാങ്കേതികപുരോഗതികൾ, കോവിഡ് ബാധി-
ച്ചസമയത്ത് വിദ്യാഭ്യാസത്തിന് മുൻതൂക്കം
നൽകിക്കൊണ്ട് ഓൺലൈൻ ക്ലാസുകളാക്കി
മാറ്റിയത്, ലോകത്ത് നടക്കുന്ന എല്ലാ കാര്യങ്ങ-
ളും മാറ്റങ്ങളും ഏതു കോണിലും വിരൽത്തു-
മ്പിൽ ലഭ്യമാകുന്ന വാർത്താവിനിമയവും, ഇട-
ങ്ങി ആഗോളതലത്തിൽ രാഷ്ട്രനേതാക്കൾ
ഗൗരവമാർന്ന വിഷയങ്ങളിൽ സംവദിച്ച് തീരു-
മാനമെടുക്കുന്ന മാധ്യമസംവിധാനവുമെല്ലാം
മാനവർ കൈവരിച്ച ചുരുക്കം ചില ശാസ്ത്രനേട്ട-
ങ്ങൾക്കുദാഹരണങ്ങളാണ്. എന്നാൽ യന്ത്രവൽ-
കൃത സമൂഹം തൊഴിലില്ലായ്മ വരുത്തുമോ? ഇല്ല
എന്നത്രെ വിദഗ്ദ്ധരുടെയുക്തിയാണ് വർഷങ്ങൾ-
ക്കുമുമ്പേ യന്ത്രങ്ങളോടും പുരോഗതിയാർജ്ജിച്ച
ജപ്പാൻ, കൊറിയ, ചൈന പോലെയുള്ള രാജ്യങ്ങ-
ൾ അവരിപ്പോഴും കുതിപ്പിന്റെ പാതയിലാണ്
സ്വത്വത്തെ (ചിട്ടമായി)
ശാസ്ത്രാവബോധം ഒരുവന്റെ ആവിഷ്കാര-
സ്വാതന്ത്ര്യത്തെ പ്രദാനം ചെയ്യുന്നതുമുതൽ

അവന്റെ അസ്തിത്വത്തെ വരെ സ്വാധീനിക്കുന്ന ഘടകമാണെന്നിരിക്കെ, പരിഷ്കൃതനവലോകത്തിന്റെ പുരോഗതിക്കിന്ധനമായി ~~കൊണ്ട്~~, ബഹുസ്വരരാഷ്ട്രത്തിന്റെ ~~കു.~~ മുന്നേറ്റത്തിന് നവോത്ഥാനം പകർന്നുകൊണ്ട് ഉയിർത്തെഴുന്നേൽചിന് ~~ക്കുന്നതിൽ ആദ്യം~~ ഇന്ന് നിലനിൽക്കുന്ന വ്യവസ്ഥിതിയിൽ മാറ്റമുണ്ടാക്കാനാകണം. മാറ്റങ്ങൾ സംഭവിതമാകുമ്പോൾ അവ വിപ്ലവമാകും. കുഞ്ഞുണ്ണിമാഷ് ~~പാടിയ~~ പറഞ്ഞതുപോലെ "~~മുന്നോട്ടുമാത്ര~~ പിന്നോട്ടുമാത്രം മടക്കാനാകുന്ന കാലുകൾ ~~ക.~~ കൊണ്ട് നാം മുന്നോട്ട് പായണം". അധ:പതനത്തിൽനിന്ന് അതിജീവനത്തിലേക്കും അത്യുന്നതിയിലേക്കും ഗമിക്കണം. ഭഗത്സിങ്ങിന്റെ ആശയം ~~ക്കം~~ പോലെ വിപ്ലവത്തിന്റെ വാൾ ആശയങ്ങളുടെ ഉരകല്ലിൽ മൂർച്ചകൂട്ടി ~~ക~~ കെട്ടകാലത്തിന്റെ കെടുതികളിൽ നിന്ന് ബൃഹത്തായ ശാസ്ത്രശാഖയുടെ ചിറകിലേറി ~~മുന്നോട്ടോടാം~~ സമൂഹത്തിന സമത്വവും സഹവർത്തിത്വവും കൈക്കുള്ളിലൊതുക്കി ലോകക്രമം

63-ാം കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 944 Participant Code: 326

പുനർനിർമ്മാണം ചെയ്തുകൊണ്ട് മുന്നോ-
നാകട്ടെ .